2026
July
30
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ഓണക്കാലത്തെ പ്രതിസന്ധി ഒഴിവാക്കാൻ

# കെഎസ്ഇബിക്ക് 510 മെഗാവാട്ട് വൈദ്യുതി

**തിരുവനന്തപുരം:** ഓണക്കാലത്തെ പ്രതിസന്ധി ഒഴിവാക്കാൻ കെഎസ്ഇബിക്ക് 510 മെഗാവാട്ട് വൈദ്യുതി ലഭിക്കും. പിടിച്ചുനിൽക്കാൻ സെപ്റ്റംബറിലേക്കു 3 തവണ ടെൻഡർ നൽകിയിട്ടും കരാറിലെത്താനായില്ല. ഉത്തരേന്ത്യയിൽ കാലാവസ്ഥ ചതിച്ചില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടാകില്ലെന്ന കണക്കുകൂട്ടലിൽ പുതിയ കരാറുകൾക്കായി കെഎസ്ഇബി ശ്രമം തുടരുകയാണ്.

310 മെഗാവാട്ട് വൈദ്യുതി പീക്ക് സമയത്തും 200 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും ലഭ്യമാകുന്ന 2 കരാറുകൾ ഉള്ളതിനാൽ ഓഗസ്റ്റിലെ വൈദ്യുതി ആവശ്യം നേരിടാൻ കഴിയുമെന്നാണ് കെഎസ്ഇബി കരുതുന്നത്. അധികമായി ആവശ്യമുള്ളത് തത്സമയ വിപണിയിൽ നിന്നു വാങ്ങാമെന്നും കരുതുന്നു. സെപ്റ്റംബറിൽ ഉത്തരേന്ത്യൻ സംസ്ഥാ




നങ്ങളിൽ വൈദ്യുതി ആവശ്യം വർധിക്കാൻ സാധ്യതയുള്ളതിനാലാണ് കെഎസ്ഇബി നടത്തിയ റീടെൻഡറുകളിൽ ആരും പങ്കെടുക്കാഞ്ഞത്. ആദ്യം ക്ഷണിച്ച ടെൻഡറിൽ യൂണിറ്റിന് 12 രൂപയിലധികം ആവശ്യപ്പെട്ടതിനാൽ റദ്ദാക്കി.

സംസ്ഥാനത്ത് 2028 ഏപ്രിൽ 1 മുതൽ പീക്ക് സമയത്ത് 100 മെഗാവാട്ട് വീതം 4 മണിക്കൂറും പകൽ സമയത്ത് 200 മെഗാവാട്ടും വൈദ്യുതി ലഭ്യമാകാനുള്ള കരാറിന് അംഗീകാരമായി. സോളർ എനർജി കോർപറേഷൻ (സെകി) മുഖേനയുള്ള കരാർ പ്രകാരം സൗരോർജം ലഭ്യമാകുന്ന സമയത്ത് പരമാവധി 200 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുക. രാത്രി കേരളത്തിനു പുറത്തു സ്ഥാപിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിൽ (ബെസ്) നിന്ന് 100 മെഗാവാട്ട് വീതം വൈകിട്ട് 6 നും രാത്രി 12 നും ഇടയിൽ കെഎസ്ഇബി ആവശ്യപ്പെടുന്ന 4 മണിക്കൂറുകളിൽ ലഭിക്കും. യൂണിറ്റിന് 2.86 രൂപയാണ് നിരക്ക്. സെകിക്ക് 7 പൈസ ട്രേഡിങ് ചാർജ് നൽകുമ്പോൾ ആകെ നിരക്ക് യൂണിറ്റിന് 2.93 രൂപയാകും. ഈ വൈദ്യുതിക്ക് പ്രസരണ ചാർജ് നൽകേണ്ട. പീക്ക് സമയത്ത് പ്രതിവർഷം 14.6 കോടി യൂണിറ്റ് വൈദ്യുതിയാണ് ഈ കരാറിലൂടെ ലഭിക്കുക.

## കേരളത്തിലേക്ക് ഉൾപ്പെടെ തമിഴ്നാടിന്റെ കയറ്റുമതി നിരോധനം; നിർമാണമേഖല പ്രതിസന്ധി കനക്കുന്നു



**മറയൂർ:** തമിഴ്നാട്ടിൽ നിന്ന് കേരളം ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിലേക്ക് റഫ് സ്റ്റോൺ, മെറ്റൽ, എംസാൻഡ്, ബിസാൻഡ് തുടങ്ങിയ നിർമാണ സാമഗ്രികൾ മൂന്ന് മാസത്തേക്ക് കയറ്റുമതി ചെയ്യുന്നത് താൽക്കാലികമായി നിരോധിച്ചതോടെ ഇടുക്കി ജില്ലയിലെ അതിർത്തി പ്രദേശങ്ങളായ മറയൂർ, കാന്തല്ലൂർ, മൂന്നാർ, അടിമാലി നെടുങ്കണ്ടം കുമളി തുടങ്ങിയ മേഖലകളിലെ നിർമാണ മേഖല കടുത്ത പ്രതിസന്ധിയിലേക്ക്.

ഈ മേഖലകളിലെ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, റിസോർട്ടുകൾ, സർക്കാർ പദ്ധതികൾ എന്നിവയിൽ ഉപയോഗിക്കുന്ന നിർമാണ സാമഗ്രികളുടെ വലിയൊരു പങ്കും തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത്. പുതിയ ഉത്തരവ് പ്രാബല്യത്തിൽ വന്നതോടെ മെറ്റൽ, എംസാൻഡ്, ബിസാൻഡ് എന്നിവയുടെ ലഭ്യത കുറയുകയും വില വർധിക്കുമെന്ന ആശങ്ക ഉയർന്നിരിക്കുകയുമാണ്. നിർമാണ സാമഗ്രികളുടെ ക്ഷാമം മൂലം നിരവധി കെട്ടിട നിർമാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായേക്കാമെന്നു കരാറുകാർ പറയുന്നു. നിലവിൽ ഓർഡർ നൽകിയ സാമഗ്രികൾ പോലും അതിർത്തി കടന്ന് എത്താൻ കഴിയാത്ത അവസ്ഥയാണെന്നും ചൂണ്ടിക്കാട്ടുന്നു.

ആഭ്യന്തര ആവശ്യകത വർധിച്ചതും അനധികൃത ഖനനം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടിയാണ് തമിഴ്നാട് സർക്കാർ മൂന്ന് മാസത്തെ വിലക്ക് പ്രഖ്യാപിച്ചത്. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അതിർത്തി ജില്ലകളിൽ പരിശോധന ശക്തമാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

## പൊന്നാനി കപ്പൽ നിർമാണ ശാല നിർമാണം അതിവേഗം

**പൊന്നാനി:** കപ്പൽ നിർമാണശാല വന്നാൽ അഴിമുഖം ആധുനിക കാഴ്ചയാകും. പൊന്നാനി ലൈറ്റ് ഹൗസിനു സമീപത്തെ തീര പ്രദേശം മുതൽ വടക്ക് പുലിമുട്ടിന്റെ അഗ്രഭാഗം വരെ ഉപയോഗപ്പെടുത്തി കപ്പൽ നിർമാണകേന്ദ്രം ഒരുക്കാനാണ് നീക്കം. ഇതിനായി 29 ഏക്കർ ഭൂമി നിർമാണ കമ്പനിക്കു നൽകാമെന്നാണ് സർക്കാർ ധാരണയിലെത്തിയിരിക്കുന്നത്. അടുത്തമാസംതന്നെ ഓഫിസ് പ്രവർത്തനം തുടങ്ങാനാണ് കമ്പനി അധികൃതർ ആസൂത്രണം ചെയ്തിരിക്കുന്നത്. അതിവേഗം നിർമാണം പൂർത്തിയാക്കാൻ കഴിയുന്ന തരത്തിലുള്ള അത്യാധുനിക നിർമാണ രീതിയിലാണ് ഓഫിസും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക.

ജങ്കാർ റോഡ് കടലോരത്തേക്കു വന്നുനിൽക്കുന്ന ഭാഗം മുതലാണ് കപ്പൽ നിർമാണകേന്ദ്രം തുടങ്ങുക. ഈ ഭാഗത്തു ഗേറ്റ് ഹൗസ് ഉണ്ടാകും. പ്രധാന കവാടം കടന്ന് അകത്തേക്കു കയറിച്ചെല്ലുന്നത് അഡ്മിൻ ബ്ലോക്കിലേക്കാണ്. അതുകഴിഞ്ഞാൽ നിർമാണ സാമഗ്രികൾ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള വെയർ ഹൗസ്, തൊട്ടടുത്ത വലിയ ബ്ലോക്കിൽ സ്റ്റീൽ കട്ടിങ്, പാനലുകൾ ഘടിപ്പിക്കുന്ന ഭാഗം, മെഷീൻ ഷോപ്പ്, പൈപ്പ് ഷോപ്പ് എന്നിവയും. ഇതിനു തൊട്ടടുത്തായിതന്നെ പഴയ ജങ്കാർ ജെട്ടിക്കു സമീപത്തായി കപ്പലുകൾ പുഴയിലേക്ക് ഇറക്കിനിർമിക്കുന്നതിനായുള്ള സ്ലിപ് വേ, ഇതിന്റെ മുൻവശത്ത് ഓപ്പൺ സ്റ്റോറേജിനും നിർമാണത്തിനുമുള്ള സൗകര്യവുമുണ്ടാകും. ഇത്രയും ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ഒന്നാംഘട്ടത്തിലുള്ള യാനങ്ങളുടെ നിർമാണം നടക്കുക.

പഴയ ജങ്കാർ ജെട്ടി കഴിഞ്ഞുള്ള നിലവിലെ പുലിമുട്ട് തുടങ്ങുന്ന ഭാഗത്താണ് കപ്പൽ നിർമാണത്തിനായുള്ള പ്രധാന സൗകര്യങ്ങൾ ഒരുക്കുന്നത്. ഇവിടെ കവേഡ് ഫാബ്രിക്കേഷൻ ഏരിയയുണ്ടാകും. നിർമാണകേന്ദ്രത്തിലെ ഏറ്റവും പ്രധാന ഭാഗം കൂടിയായിരിക്കും ഇത്. ഇതിനു തൊട്ടുമുൻപിലായി പുഴയിലേക്ക് ഇറക്കി നിർമാണം നടത്തുന്നതിനുള്ള രണ്ടാമത്തെ സ്ലിപ് വേയുണ്ടാകും. 120 മീറ്റർ നീളവും 35 മീറ്റർ വീതിയുമുള്ള ഈ സ്ലിപ്‌വേയിൽ വച്ചാണ് കപ്പലുകളുടെ നിർമാണം നടത്തുക. 120 മീറ്റർ വരെ നീളത്തിലുള്ള കപ്പൽ നിർമിക്കാൻ കഴിയുമെന്നാണ് നിർമാണ കമ്പനി അവകാശപ്പെടുന്നത്. ഇതിനു പടിഞ്ഞാറുഭാഗത്തായാണ് സൈറ്റ് ഓഫിസ് വിഭാവനം ചെയ്തിരിക്കുന്നത്.നിലവിലെ ജങ്കാർ റോഡിന്റെ ഇരുവശങ്ങളും പൂർണമായി പ്രയോജനപ്പെടുത്തിയാണ് കപ്പൽ നിർമാണശാലയൊരുക്കുന്നത്. പുഴയോടു ചേർന്നുള്ള ഭാഗത്താണ് പ്രധാന നിർമാണകേന്ദ്രങ്ങളുള്ളത്.






# രാസഗവേഷണത്തിൽ കുസാറ്റിന്റെ പുതിയ കുതിപ്പ്; ഗവേഷകർക്ക് ഇന്ത്യൻ പേറ്റന്റ്

**കൊച്ചി:** രാസഗവേഷണ രംഗത്ത് ശ്രദ്ധേയമായ മറ്റൊരു നേട്ടവുമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്). വ്യാവസായികവും ശാസ്ത്രീയവുമായ പ്രാധാന്യമുള്ള ടിൻ പോർഫിറിനുകൾ കൂടുതൽ ലളിതവും കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ നിർമിക്കാൻ സഹായിക്കുന്ന പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ച കുസാറ്റ് ഗവേഷക സംഘത്തിന് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു.

സോളാർ എനർജി, ഫോട്ടോകാറ്റലിസിസ്, മെഡിക്കൽ റിസർച്ച്, എൻവയോൺമെന്റൽ റീമീഡിയേഷൻ, അഡ്വാൻസ്ഡ് ഫങ്ഷണൽ മെറ്റീരിയൽസ് തുടങ്ങിയ മേഖലകളിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ടിൻ പോർഫിറിനുകളുടെ നിർമാണം നിലവിൽ സങ്കീർണമായ ബഹുഘട്ട പ്രക്രിയയിലൂടെയാണ് നടക്കുന്നത്. ഇതിന് കൂടുതൽ രാസവസ്തുക്കളും സമയവും ആവശ്യമായതിനാൽ ഉൽപ്പാദനച്ചെലവും രാസമാലിന്യവും വർധിക്കുന്നു.

ഈ വെല്ലുവിളികൾക്ക് പരിഹാരമായാണ് ഗവേഷകർ വൺപോട്ട് സിന്തസിസ് അടിസ്ഥാനമാക്കിയുള്ള പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചത്. ഹെറ്ററോപോളി ആസിഡ് അധിഷ്ഠിത കാറ്റലിറ്റിക് സിസ്റ്റം ഉപയോഗിക്കുന്ന ഈ രീതി ഒറ്റഘട്ടത്തിൽ തന്നെ ടിൻ പോർഫിറിനുകൾ നിർമിക്കാൻ സഹായിക്കുന്നു. ഇതിലൂടെ നിർമാണപ്രക്രിയ കൂടുതൽ ലളിതമാകുകയും രാസമാലിന്യം കുറയുകയും ഉൽപ്പാദനക്ഷമത വർധിക്കുകയും ചെയ്യുമെന്ന് ഗവേഷകർ വ്യക്തമാക്കി.

ഭാവിയിൽ ക്ലീൻ എനർജി, കാർബൺ ഡൈ ഓക്സൈഡ് കൺവർഷൻ, ഫോട്ടോകാറ്റലിസിസ്, ബയോമെഡിക്കൽ റിസർച്ച്, അഡ്വാൻസ്ഡ് മെറ്റീരിയൽസ് എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും വ്യാവസായിക വികസനത്തിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷ.

കുസാറ്റിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പ് പ്രൊഫസർ ഡോ. സുജ ഹരിദാസ്, നിലവിൽ ഓസ്ട്രേലിയയിലെ ഗ്രിഫിത്ത് സർവകലാശാലയിൽ പോസ്റ്റ്ഡോക്ടറൽ റിസർച്ച് ഫെലോയും കുസാറ്റിലെ മുൻ ഗവേഷകയുമായ ഡോ. ഗോപിക ജഗന്നിവാസൻ, അപ്ലൈഡ് കെമിസ്ട്രി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സെബാസ്റ്റ്യൻ നൈബിൻ റമെല്ലോ എന്നിവരാണ് ഈ ഗവേഷണത്തിന് നേതൃത്വം നൽകിയത്.

## കുസാറ്റിൽ വിദ്യാർഥികൾക്ക് യുവശാസ്ത്രജ്ഞ ഫോറം

**കൊച്ചി:** ശാസ്ത്രാഭിമുഖ്യമുള്ള ഹൈസ്കൂൾ കുട്ടികൾക്കായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (സിസിസ്) യുവശാത്രജ്ഞ ഫോറം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 8 മുതലുള്ള രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിലായാണ് കുട്ടികളിലെ ശാസ്ത്രതാല്പര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഫോറം സംഘടിപ്പിക്കുന്നത്. വിദഗ്ധരുടെ ക്ലാസുകൾ, ലാബ് പ്രവർത്തനങ്ങൾ, പ്രോജക്റ്റ് തയ്യാറാക്കൽ, കുസാറ്റിലെ വിവിധ വിഭാഗങ്ങളിൽ സന്ദർശനം, വ്യക്തിത്വവികസനം, പബ്ലിക് സ്പീക്കിങ് എന്നിങ്ങനെ വിവിധ പരിപാടികളിൽ കുട്ടികൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷനായി 9188219863 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സ്കൂൾ ഓഫ് എൻജിനീയറിംഗ് ബിരുദസമർപ്പണ ചടങ്ങ് ജൂലൈ 31ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് എൻജിനീയറിംഗിന്റെ 2026 ലെ ബിരുദ സമർപ്പണ ചടങ്ങ് ജൂലൈ 31ന് ഉച്ചയ്ക്ക് 2.00 മണിക്ക് സർവകലാശാല ക്യാമ്പസിലെ സെമിനാർ കോംപ്ലക്സിൽ നടക്കും.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള സർക്കാർ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, ഐ.എ.എസ്. മുഖ്യാതിഥിയാകും.

കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ.യു, സ്കൂൾ ഓഫ് എൻജിനീയറിംഗ് പ്രിൻസിപ്പൽ ഡോ. അബ്ദുള്ള പി., പരീക്ഷാ കൺട്രോളർ ഡോ. മനോജ് എൻ., ഫാക്കൽറ്റി ഓഫ് എൻജിനീയറിംഗ് ഡീൻ ഡോ. സെന്തിൽ പ്രകാശ് എം. എൻ., കൺവീനർ ഡോ. പ്രമോദ് പവിത്രൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

## കുസാറ്റ്: വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ സിവിൽ എൻജിനീയറിങ് വിഭാഗത്തിൽ ഗസ്റ്റ് ലക്ച്ചറർ ഒഴിവിലേക്ക് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. സിവിൽ എൻജിനീയറിംഗിൽ ബി.ടെക്കും എം.ടെക്കും കുറഞ്ഞത് 50 ശതമാനം മാർക്ക് ആണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ, വയസ്, യോഗ്യത, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും കോപ്പിയുമായി ജൂലൈ 30ന് രാവിലെ 9 മണിക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ: 9846545824.





റോട്ടറി ക്ലബ് കൊച്ചിൻ പെരിയാറിന്റെ 2026-27 വർഷത്തിലെ പ്രസിഡൻറായി അജിത് കുമാർ രാമചന്ദ്രൻ, സെക്രട്ടറി ജോർജ് അംബുക്കൻ

## മുർബേൺ സിദ്ധാന്തത്തെക്കുറിച്ച് ദേശീയ ചർച്ച

കൊച്ചി: കോശങ്ങളിലെ ജൈവ പ്രക്രിയകളെക്കുറിച്ചുള്ള പുതിയ ശാസ്ത്രീയ നിരീക്ഷണമായ മുർബേൺ സിദ്ധാന്തത്തെക്കുറിച്ച് കൊച്ചിയിൽ ദേശീയ ചർച്ച സംഘടിപ്പിക്കുന്നു. സ്വദേശി ശാസ്ത്ര പ്രസ്ഥാനം അമൃത വിശ്വവിദ്യാപീഠത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ദ്വിദിന ചർച്ച ആഗസ്ത് മൂന്നിനും നാലിനും സിഎംഎഫ്ആർഐയിൽ നടക്കും.

ശരീര കോശങ്ങൾക്കുള്ളിൽ നടക്കുന്ന നേരിയ തോതിലുള്ള രാസപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് മുർബേൺ സിദ്ധാന്തം. കോശങ്ങളിലെ ഓക്സിജന്റെ സാന്നിധ്യത്തിൽ ഉണ്ടാകുന്ന ചില ഘടകങ്ങൾ ജീവന്റെ നിലനിൽപ്പിന് നിയന്ത്രിത അളവിൽ അത്യാവശ്യമാണെന്ന് നിരീക്ഷിക്കുന്നതാണ് ഈ സിദ്ധാന്തം. ശാസത്രജ്ഞർ, സർവകലാശാല അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർ ചർച്ചയിൽ പങ്കെടുക്കും. മുർബേൺ സിദ്ധാന്തത്തെ സൂക്ഷ്മമായി വിലയിരുത്തുന്ന ചർച്ചകളാണ് നടക്കുക.

പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂലൈ 30നുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ നമ്പർ: 9562911181.




ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന 10 ലക്ഷം രൂപ സമ്മാനത്തുകയുള്ള ഓർമ്മ ഇന്റർനാഷണൽ പ്രസംഗ മത്സരത്തിന്റെ നാലാം സീസണിന് മുന്നോടിയായുള്ള 'വാഗ്മിത്വത്തിലേക്ക് ഒരു ചുവട്' എന്ന പ്രചാരണ പരിപാടി മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു. ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഓർമ്മ കേരള ചാപ്റ്റർ ചെയർമാൻ കുര്യാക്കോസ് മാണിവയലിൽ, ട്രഷറർ ഷാജി ആറ്റുപുറം, പ്രസംഗ പരിശീലകരായ പ്രൊഫ. ടോമി ചെറിയാൻ, സോയി തോമസ് എന്നിവർ സമീപം.

## ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരം നാലാം സീസൺ പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചു

**പാലാ:** ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 15 ന് ആരംഭിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന 10 ലക്ഷം രൂപ സമ്മാനത്തുകയുള്ള അന്താരാഷ്ട്ര പ്രസംഗ മത്സര പരമ്പരയുടെ നാലാം സീസണിന്റെ പ്രചരണാർത്ഥം സംഘടിപ്പിച്ച 'വാഗ്മിത്വത്തിലേക്ക് ഒരു ചുവട്' എന്ന പ്രചാരണ പരിപാടി മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

സംസാരിക്കാനുള്ള കഴിവ് ഒരു വ്യക്തിയുടെ വിജയത്തിന് മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആശയങ്ങൾ രൂപപ്പെടുന്നതും അവ സമൂഹത്തിലേക്ക് എത്തിച്ചേരുന്നതും സംവാദങ്ങളിലൂടെയാണെന്നും അതുകൊണ്ടുതന്നെ പബ്ലിക് സ്പീക്കിംഗ് ഒരു മത്സര ഇനം മാത്രമല്ല, ജനാധിപത്യത്തിന്റെ അടിസ്ഥാനശക്തികളിലൊന്നാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ലോകമെമ്പാടുമുള്ള മലയാളി യുവതലമുറയ്ക്ക് ഭാഷാപാടവവും ചിന്താശേഷിയും അവതരണമികവും വളർത്തിയെടുക്കാൻ ഓർമ്മയുടെ അന്തർദേശീയ പബ്ലിക് സ്പീക്കിംഗ് സംരംഭം മികച്ച അവസരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മത്സരത്തിൽ വിജയിക്കുന്നതിലും പ്രധാനമാണ് സ്വന്തം ആശയങ്ങൾ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും അവതരിപ്പിക്കാൻ കഴിയുന്ന വ്യക്തിത്വം വളർത്തിയെടുക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഓർമ്മ കേരള ചാപ്റ്റർ ചെയർമാൻ കുര്യാക്കോസ് മാണിവയലിൽ, ട്രഷറർ ഷാജി ആറ്റുപുറം, പ്രസംഗ പരിശീലകരായ പ്രൊഫ. ടോമി ചെറിയാൻ, സോയി തോമസ് പങ്കെടുത്തു.

സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നാല് ഘട്ടങ്ങളിലായാണ് മത്സരം നടക്കുക. 2027 ഓഗസ്റ്റ് ന് പാലായിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയോടെയാണ് നാലാം സീസൺ സമാപിക്കുക.

മത്സരത്തിന്റെ രജിസ്ട്രേഷനും മറ്റ് വിശദവിവരങ്ങളും ഉടൻ തന്നെ www.ormaspeech.org എന്ന വെബ്സൈറ്റിൽ ലഭ്യമാക്കും.

## എം.ജി സർവകലാശാല

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം വർഷ എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി ഡിഗ്രി (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 14 മുതൽ നടക്കും. ഓഗസ്റ്റ് 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 3 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 4 വരെയും അപേക്ഷ സ്വീകരിക്കും.

### പ്രാക്ടിക്കൽ

ഒന്നു മുതൽ ഏഴു വരെ സെമസ്റ്ററുകൾ ബിഎച്ച്എം (പഴയ സ്കീം 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 11ന് പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാംസെമസ്റ്റർ എംഎസ്.സി ഫിസ്ക്സ് (മെറ്റീരിയൽ സയൻസ്) (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30ന് പത്തനംതിട്ട കതോലിക്കേറ്റ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാംസെമസ്റ്റർ എംഎച്ച്എം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ സൂര്യനെല്ലി, മൗണ്ട് റോയൽ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

നാലാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ്, സൈക്കോളജി, സുവോളജി, ഡാറ്റാ അനലിറ്റിക്സ്, കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്), കമ്പ്യൂട്ടർ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാംസെമസ്റ്റർ എംഎസ്.സി ഡാറ്റാ അനലിറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്) (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബിടെക് (പഴയ സ്കീം1997 മുതൽ 2009 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2005 പരീക്ഷകൾ ഒക്ടോബർ 1 മുതൽ നടക്കും.

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 9 വരെ ഓൺലൈനായി അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (ഓണേഴ്സ്) പ്രോഗ്രാം (2023 അഡ്മിഷന്റെ ഗുലർ, 2018-22 അഡ്മിഷനുകൾ സപ്ലിമെന്ററി), ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ്) പ്രോഗ്രാം (2017 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2016 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2018 മുതലുള്ള അഡ്മിഷനുകൾക്ക് ഓഗസ്റ്റ് 10 വരെ ഓൺലൈനായും, 2016-17 അഡ്മിഷനുകൾക്ക് ഓഗസ്റ്റ് 10 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും അപേക്ഷ സമർപ്പിക്കാം.

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) ഡിഗ്രി (2023 അഡ്മിഷൻ റെഗുലർ / 2018-2022 അഡ്മിഷനുകൾ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) പ്രോഗ്രാം (2017 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2016 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്, 2015 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും (2018-2023 അഡ്മിഷനുകൾ) ഓഗസ്റ്റ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2024 അഡ്മിഷൻ റെഗുലർ / 2020-2023 അഡ്മിഷനുകൾ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ് / 2018 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ് / ത്രിവത്സര എൽ.എൽ.ബി 2017 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം.



## ഖാദി ഓണം മേളയ്ക്കു തുടക്കം

**കോട്ടയം:** കോട്ടയം സിഎസ്ഐ കോംപ്ലക്സിലെ ഖാദി ഗ്രാമസൗഭാഗ്യ അങ്കണത്തിൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഓണംമേളയും നവീകരിച്ച ഷോറൂമിന്റെ ഉദ്ഘാടനവും മന്ത്രി മോൻസ് ജോസഫ് നിർവഹിച്ചു. നഗരസഭാ ചെയർമാൻ എം.പി. സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. ഡിസൈനർ ചുരിദാറുകളുടെ ലോഞ്ചിംഗും അദ്ദേഹം നിർവഹിച്ചു. ആദ്യ വിൽപ്പന നഗരസഭാംഗം ജോൺ സഖറിയാസ് നിർവഹിച്ചു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ്, ഡെപ്യൂട്ടി ഡയറക്ടർ എം.വി. മനോജ് കുമാർ, എ. അനിത്ത്, സിയ പി. ജോസ്, കെ. മഹാദേവൻ, ഡോ. അഞ്ജു സി. നായർ എന്നിവർ പ്രസംഗിച്ചു. ഓഗസ്റ്റ് 25 വരെയാണ് മേള നടത്തുന്നത്. ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം സർക്കാർ റിബേറ്റും വിവിധ സമ്മാനപദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ/അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും അധ്യാപകർക്കും ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം ലഭിക്കും. ഓരോ ആയിരം രൂപയുടെ പർച്ചേസിനും സമ്മാനക്കൂപ്പണും ലഭിക്കും.




## വൈറൽ ഹെപ്പറ്റൈറ്റിസ് മൂലം എയ്ഡ്സിനെക്കാൾ ഇരട്ടി ആൾക്കാർ മരിക്കുന്നു ഡോ. കെ. വേണുഗോപാൽ

**കൊച്ചി:** വൈറൽ ഹെപ്പറ്റൈറ്റിസ് രോഗബാധ മൂലം ലോകത്ത് എച്ച് ഐവി അണുബാധ മൂലം മരിക്കുന്നതിനേക്കാൾ ഇരട്ടിയിലധികം ആൾക്കാർ മരിക്കുന്നതായി ആരോഗ്യവകുപ്പ് ചീഫ് കൺസൾട്ടന്റ് ഡോ.കെ വേണുഗോപാൽ. ലോക ഹെപ്പറ്റ ദിനാചരണം ജനറൽ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. തടയപ്പെടാവുന്നതും വാക്സിനേഷൻ ഉള്ളതും ചികിത്സ ഉള്ളതുമായ ഈ രോഗത്തിൽ ഇത്രയും പേർ മരിക്കുന്നതിൽ അദ്ദേഹം അത്ഭുതം പ്രകടിപ്പിച്ചു. വാക്സിനേഷനും ഇല്ലാത്ത തും പരിമിത ചികിത്സ മാത്രവുമുള്ള എയ്ഡ്സ് മരണ സംഖ്യ കുറച്ചത് ബോധവൽക്കരണം കൊണ്ട് മാത്രമാണ്.

ജനറൽ ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം ആർഎംഒ ഡോക്ടർ ഷാലിമ അധ്യക്ഷ യായി. പിആർ ഓ ബെന്നി അലോഷ്യസ്, ലേ സെക്രട്ടറി ബീന മോൾ, നഴ്സിംഗ് സൂപ്രണ്ട് റെസ്സി പി ബേബി,ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് മിനി ജെപി എച്ച് ൻ പ്രമീള തുടങ്ങിയവർ സംസാരിച്ചു.ഡോക്ടർ ഇന്ദു ആർ എം ബോധവൽക്കരണ ക്ലാസ് നടത്തി.

## പരമ്പരാഗതജീവിതശൈലീ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും

**തിരുവനന്തപുരം:** പരമ്പരാഗത ജീവിത ശൈലീ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും തിരുവനന്തപുരത്ത് ആരം ഭിച്ചു. കൈത്തറി പ്രേമികൾക്കുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയുമാണ് നടത്തുന്നത്.

ഓണാഘോഷങ്ങൾക്കു മുന്നോടിയായുള്ള ഓണക്കോടികൾ ഉൾപ്പെടെയുള്ളവയുടെ ശേഖരം നഗരത്തിനുള്ളിലെ പ്രധാന വ്യാപാര സ്ഥാപനങ്ങളിലെല്ലാം എത്തിച്ചേർന്നു. പാളയം വിജെടി ഹാളിൽ കൈത്തറി ഉൽപന്നങ്ങളുടെ വിപുലമായ ശേഖരവും എത്തിയിട്ടുണ്ട്. ഓഗസ്റ്റ് മൂന്നുവരെ വിജെടി ഹാളിൽ കൈത്തറി വിപണന മേള നടക്കും. കൈത്തറി സിൽക്ക്, കോട്ടൺ സാരികൾ, കുർത്തികൾ, ഡിസൈനർഎത്നിക് വസ്ത്രങ്ങൾ, ഡ്രസ് മെറ്റീരിയലുകൾ, ഗാർഹിക ആവശ്യങ്ങൾക്കുള്ള തുണിത്തരങ്ങൾ, ഫാഷൻ ആഭരണങ്ങൾ തുടങ്ങിയയാണ് ഇവിടെ പ്രദർശനത്തിന് ഒരുക്കിയിട്ടുള്ളത്.





# നിയമ വിദ്യാഭ്യാസ രംഗത്തെ സമഗ്രമായി നവീകരിക്കും മുഖ്യമന്ത്രി

**തിരുവനന്തപുരം:** നിയമ വിദ്യാഭ്യാസ രംഗത്തെ കാലാനുസൃതമായി നവീകരിച്ച് കേരളത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികച്ച കേന്ദ്രമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. സർക്കാർ ലോ കോളേജുകളിലെ 35 അസിസ്റ്റന്റ് പ്രൊഫസർമാർക്ക് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നിയമന ഉത്തരവ് കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അധ്യാപകന്റെ ഉത്തരവാദിത്വം വളരെ വലുതാണെന്നും ജീവിതകാലം മുഴുവൻ സമൂഹത്തിന്റെ ആദരവും സ്നേഹവും ഏറ്റുവാങ്ങുന്നവരാണ് അധ്യാപകരെന്നും മുഖ്യമന്ത്രി പറഞ്ഞു. പുതുതായി നിയമിതരാകുന്നവർ ആ ഉത്തരവാദിത്വം ഏറ്റവും മികച്ച രീതിയിൽ നിർവഹിച്ച് വിദ്യാർഥികൾക്കും സമൂഹത്തിനും മാതൃകയാകണം.

ഉന്നതവിദ്യാഭ്യാസ രംഗത്തെ ആധുനികവത്കരിച്ച് കേരളത്തെ രാജ്യത്തെ മികച്ച വിദ്യാഭ്യാസ കേന്ദ്രങ്ങളിലൊന്നാക്കി ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം.തൊഴിൽ മേഖലയിലെ മാറുന്ന ആവശ്യങ്ങൾ പരിഗണിച്ച് പുതിയതും നൂതനവുമായ കോഴ്സുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് മികച്ച തൊഴിൽസാധ്യത ഉറപ്പാക്കുന്ന കോഴ്സുകൾക്ക് മുൻഗണന നൽകുന്നതോടൊപ്പം വ്യവസായ മേഖലയുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് അദ്ദേഹം പറഞ്ഞു. തുറമുഖ സംസ്ഥാനമെന്ന കേരളത്തിന്റെ വളരുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മാരിടൈം ലോ പോലുള്ള പുതിയ പഠനവിഷയങ്ങൾ നിയമവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കും. നിയമ വിദ്യാഭ്യാസ രംഗത്ത് കാലഹരണപ്പെട്ട പഠനരീതികൾ പരിഷ്കരിച്ച് സമകാലിക ആവശ്യങ്ങൾക്ക് അനുയോജ്യമായ മാറ്റങ്ങൾ നടപ്പാക്കും. സംസ്ഥാനത്ത് നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, നിയമ സർവകലാശാല എന്നിവ രൂപീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

സർക്കാർ ലോ കോളേജുകളിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവായിരുന്ന സമയത്ത് നടത്തിയ പുതുയുഗ യാത്രയിൽ ഉദ്യോഗാർഥികൾ പരാതി നൽകിയിരുന്നു. കോഴിക്കോട് ലഭിച്ച വിദ്യാർഥിനിയുടെ പരാതി അപ്പോൾ തന്നെ രേഖപ്പെടുത്തുകയും ഗൗരവകരമായി പരിഗണിക്കുകയും ചെയ്തു. അധികാരത്തിലെത്തിയ ശേഷം ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നിയമന നടപടികൾ വേഗത്തിലാക്കാൻ സർക്കാർ തീരുമാനിച്ചതായും പറഞ്ഞു. ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ നിയമന പ്രക്രിയ വേഗത്തിലാക്കി. സർക്കാർ നൽകിയ വാഗ്ദാനം പാലിച്ചുകൊണ്ടാണ് 35 അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നിയമന ഉത്തരവ് കൈമാറുന്നതെന്നും അദ്ദേഹം പറഞ്ഞു. ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ അധ്യക്ഷത വഹിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് സ്വാഗതം ആശംസിച്ചു. ഉന്നത വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി നിത എം നന്ദി അറിയിച്ചു.



# നോർക്ക ട്രിപ്പിൾ വിൻ കേരള നഴ്സിങ് റിക്രൂട്ട്മെന്റ് പദ്ധതി: 12 പേർക്കു കൂടി നിയമന കരാർ കൈമാറി

**തിരുവനന്തപുരം:** കേരളത്തിൽ നിന്നും ജർമ്മനിയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റ് പദ്ധതിയായ നോർക്ക ട്രിപ്പിൾ വിൻ കേരള യുടെ ഭാഗമായി ജർമ്മൻ ഭാഷാപരിശീലനം പൂർത്തിയായ 12 പേർക്കു കൂടി നിയമന കരാർ കൈമാറി. നോർക്ക ട്രിപ്പിൾ വിൻ കേരളയുടെ ഏഴാം ബാച്ചിലെ ദേവിക ബൈജു, ജിസ്മോൾ ജോർജ്ജ്, മേഘ ജയകുമാർ, ഫരിഷാ ബിവി ഇബ്രാഹിം, ജെസീന ജോസ്, അപർണ കുമാരി, ഷെഫിൻ ജോസഫ്, മേഘ ജോയ്, മരിയ ജോയ്, ബ്ലെസി ബേബി, അർപ്പിത താഴം എന്നിവരും ആറാം ബാച്ചിലെ ജിസ്മി വർഗീസ് എന്നിവർക്കുമാണ് നോർക്ക റൂട്ട്സ് ജനറൽ മാനേജർ പ്രകാശ് പി ജോസഫ് വർക്ക് പെർമിറ്റ് കൈമാറിയത്. ഇവർക്ക് സെപ്റ്റംബർഒക്ടോബർ മാസത്തോടെ ജർമ്മനിയിലെത്താനാകും. വിഖ്യാതമായ ജർമ്മനിയിലെ ഷാരിന്റെ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലാണ് ഇവർക്ക് നിയമനം ലഭിക്കുക. കഴിഞ്ഞ ദിവസവും 12 പേർക്ക് നിയമന കരാർ നൽകിയിരുന്നു. തൈക്കാട് നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം മാനേജർ മുഹമ്മദ് നജീബ് ടി.എ മറ്റ് ജീവനക്കാർ എന്നിവരും സംബന്ധിച്ചു. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് നോർക്ക ട്രിപ്പിൾ വിൻ കേരള. ഇതിനായുള്ള കരാർ ഡിസംബർ 22 നാണ് ഒപ്പുവച്ചത്. ഇതുവരെ ഏട്ടു ബാച്ചുകളിലായി (ഫാസ്റ്റ് ട്രാക്ക് ഉൾപ്പെടെ) നടത്തിയ റിക്രൂട്ട്മെന്റ് ഡ്രൈവുകളിൽ നിന്നും 1700 ഓളം ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുകയും 1200ൽ അധികം നഴ്സുമാർ ജർമ്മനിയിലെത്തി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജർമ്മനിയിലെ 13 സ്റ്റേറ്റുകളിലെ വിവിധ ആരോഗ്യപരിപാലന സ്ഥാപനങ്ങളിൽ രജിസ്ട്രേഡ് നഴ്സ് തസ്തികയിലാണ് ഇവരുടെ നിയമനം.

# ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏകോപിത പ്രവർത്തനം അനിവാര്യം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ഫലപ്രദമായി നടപ്പാക്കുന്നതിന് എല്ലാ വകുപ്പുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന് മുഖ്യമന്ത്രി വി ഡി  സതീശൻ പറഞ്ഞു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 സംബന്ധിച്ച മേഖലാതല ശില്പശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം, വഴുതക്കാട് ശ്രീമൂലം ക്ലബ്ബിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ വികസന അജണ്ടയിൽ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളിലൊന്നാണ് ശാസ്ത്രീയ മാലിന്യ നിർമാർജ്ജനമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനമായ കേരളത്തിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

വ്യക്തിശുചിത്വത്തിനപ്പുറം സാമൂഹിക ശുചിത്വം ഓരോ പൗരന്റെയും ഉത്തരവാദിത്തമായി മാറണം. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഉൾപ്പെടെയുള്ള ദുശ്ശീലങ്ങളിൽ മാറ്റമുണ്ടാകണം. സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വന്നാലേ കേരളത്തെ യഥാർഥ അർഥത്തിൽ ഹരിതകേരളമാക്കി മാറ്റാൻ കഴിയൂ.

മാലിന്യ സംസ്കരണരംഗത്ത് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിക്കുന്നതിനൊപ്പം ഇനിയും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. റെസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ള ജനകീയ കൂട്ടായ്മകൾ ഈ രംഗത്ത് സജീവ പങ്കാളികളാകണം. ശാസ്ത്രീയമല്ലാത്ത മാലിന്യ സംസ്കരണ രീതികൾക്കും കടലാസ് കമ്പനികൾ മുഖേനയുള്ള വ്യാജ സംസ്കരണ അവകാശവാദങ്ങൾക്കും സർക്കാർ അംഗീകാരം നൽകില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എല്ലാ ജില്ലകളിലും സമഗ്ര മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം. നഗരസഭകളും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കണം. പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയണം.

ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ ഖരമാലിന്യ പരിപാലനം പൊതുജനാരോഗ്യ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും അനിവാര്യമാണ്. 2026 ഏപ്രിൽ 1 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വന്ന ഖരമാലിന്യ പരിപാലന ചട്ടങ്ങൾ കൃത്യമായി നടപ്പാക്കാൻ എല്ലാ തദ്ദേശസ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ചടങ്ങിൽ തദ്ദേശസ്വയംഭരണ  മന്ത്രി കെ എം  ഷാജി അധ്യക്ഷത വഹിച്ചു. വൈദ്യുതി, പരിസ്ഥിതി, പാർലമെന്ററികാര്യ മന്ത്രി സണ്ണി ജോസഫ് വിശിഷ്ടാതിഥിയായി. തിരുവനന്തപുരം മേയർ വി വി രാജേഷ് ആശംസകൾ നേർന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ ശ്രീകല എസ് സ്വാഗതം പറഞ്ഞു.  തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ബിനു ഫ്രാൻസിസ് എന്നിവർ സംബന്ധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. രതീഷ് മേനോൻ നന്ദി രേഖപ്പെടുത്തി.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ഫലപ്രദമായി നടപ്പാക്കുന്നതിനും ചട്ടങ്ങളുടെ പാലനം ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാതല ശില്പശാലകൾ സംഘടിപ്പിക്കും.

# ലോക വൈറൽ ഹെപ്പറ്റൈറ്റിസ് ദിനാചരണം

**അടൂർ:** പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യ കേരളം പത്തനംതിട്ട എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അടൂർ ജനറൽ ആശുപത്രിയിൽ സംഘടിപ്പിച്ച ലോക വൈറൽ ഹെപ്പറ്റൈറ്റിസ് ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം സി. വി. ശാന്തകുമാർ എംഎൽഎ നിർവഹിച്ചു.

അടൂർ നഗരസഭാ ചെയർപേഴ്സൺ റീന ശാമുവൽ അധ്യക്ഷത വഹിച്ചു. 'ഹെപ്പറ്റൈറ്റിസ്: നമുക്ക് പരിഹരിക്കാം' എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം. ദിനാചരണത്തോടനുബന്ധിച്ച് ഹൈ റിസ്ക് വിഭാഗങ്ങളുടെ ഇടയിൽ ബോധവത്കരണം, ഹെപ്പറ്റൈറ്റിസ് പരിശോധന വാക്സിനേഷൻ തുടങ്ങിയവ സംഘടിപ്പിക്കും. 2030 ഓടെ ഹെപ്പറ്റൈറ്റിസ് നിവാരണം ചെയ്യുകയാണ് ലക്ഷ്യം.

അടൂർ നഗരസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ ഡി. ശശികുമാർ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അനിതാകുമാരി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആബിദ് ഷെഹിം എന്നിവർ പങ്കെടുത്തു. ജനറൽ മെഡിസിൻ വിഭാഗം ജൂണിയർ കൺസൾട്ടന്റ് ഡോ ജെ. എസ്. ജിനേഷ് ബോധവത്കരണ ക്ലാസ് നയിച്ചു.

# പിജിയൻ ഐവിഒ ഹെൽത്തി ഫ്രൈ എയർഫ്രയർ വിപണിയിൽ



**ബംഗളൂരു:** സുതാര്യമായ കാഴ്ചാ വിൻഡോയോടെ സ്റ്റോവ്ക്രാഫ്റ്റ് ലിമിറ്റഡിന്റെ പുതിയ പിജിയൻ ഐവിഒ ഹെൽത്തി ഫ്രൈ എയർഫ്രയർ പുറത്തിറക്കി.

ഭക്ഷണം പാകമാകുന്നതിന്റെ സ്ഥിതി ഫ്രയറിൻറെ ബാസ്കറ്റ് തുറക്കാതെതന്നെ തത്സമയം കാണാൻ കഴിയുന്നതാണ് ഈ ഉത്പന്നത്തിന്റെ പ്രത്യേകത.

പിജിയൻ എക്സ്ക്ലൂസീവ് ഔട്ട് ലറ്റുകൾ, മുൻനിര അടുക്കള ഉപകരണ വില്പന ശാലകൾ, പ്രമുഖ ഇകൊമേഴ്സ്, ക്വിക് കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവവഴിയും രാജ്യത്തുടനീളമുള്ള 1.25 ലക്ഷത്തിലധികം റീട്ടെയിൽ ടച്ച്പോയിൻറുകളിലൂടയും സ്റ്റോവ്ക്രാഫ്റ്റ് പിജിയൻ ഐവിഒ ഹെൽത്തി ഫ്രൈ എയർ ഫ്രയർ ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.



# 200 യൂണിറ്റുകളുടെ ലിമിറ്റഡ് എഡിഷനുമായി സ്കോഡ

**കൊച്ചി:** സ്ലാവിയ മോണ്ടെ കാർലോ ശ്രേണിയിലേക്ക് ഷിംല ഗ്രീൻ, സ്റ്റീൽ ഗ്രേ എന്നീ രണ്ട് പുതിയ ഡ്യുവൽടോൺ നിറങ്ങൾ അവതരിപ്പിച്ച് സ്കോഡ ഓട്ടോ ഇന്ത്യ.

വെറും 200 യൂണിറ്റുകളായി പരിമിതപ്പെടുത്തിയിരിക്കുന്ന ഈ പ്രത്യേക പതിപ്പ് ഒരു ലിറ്റർ ടിഎസ്ഐ ഓട്ടോമാറ്റിക്, ഒരു ലിറ്റർ ടിഎസ്ഐ ഡിഎസ്ജി വേരിയൻറുകളിൽ ലഭ്യമാകും.

പുതിയ നിറങ്ങൾ സ്ലാവിയ മോണ്ടെ കാർലോയുടെ സ്പോർട്ടി ഡിസൈനിനും റാലി പൈതൃകത്തിനും കൂടുതൽ മികവ് പകരുന്നതോടൊപ്പം കൂടുതൽ വ്യത്യസ്തവും എക്സ്ക്ലൂസീവുമായ ഉടമസ്ഥാവകാശ അനുഭവം ആഗ്രഹിക്കുന്ന ഉപഭോക്താക്കളെയാണു ലക്ഷ്യമിടുന്നതെന്ന് കമ്പനി അറിയിച്ചു.




# നേട്ടങ്ങൾ ആഘോഷിച്ച് ഐഐസി ലക്ഷ്യയുടെ എക്സ്കോമിയം 2026

**കോഴിക്കോട്:** സ്വന്തം ലക്ഷ്യം നിർവചിക്കാനും അതിലേക്കുള്ള വഴി ആസൂത്രണം ചെയ്യാനും കഴിയുന്ന തലമുറയാണ് ഇന്നത്തേതെന്ന് കെ. ജയന്ത് എംഎൽഎ.

കരിയർ ആരംഭിക്കാൻ ദീർഘകാലം കാത്തിരിക്കാൻ ജെൻസി തയാറല്ലെന്ന് ഐഐസി ലക്ഷ്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഓർവൽ ലയണൽ. നാലായിരത്തോളം യുവ കൊമേഴ്സ് പ്രഫഷണലുകളുടെ നേട്ടങ്ങൾ ആഘോഷിച്ച ഐഐസി ലക്ഷ്യയുടെ എക്സ്കോമിയം 2026 പരിപാടിയിലാണ് എംഎൽഎയും ലക്ഷ്യ ചെയർമാനും ഇക്കാര്യം പറഞ്ഞത്.

രണ്ട് സെഷനുകളിലായി ഏകദേശം 14,000 പേരാണ് എക്സ്കോമിയത്തിന്റെ ഭാഗമായത്. സിഎ, എസിസിഎ, സിഎംഎ, സിഎസ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ യോഗ്യതകൾ പൂർത്തിയാക്കിയ നാലായിരത്തോളം പേരെയാണ് എക്സ്കോമിയത്തിൽ ആദരിച്ചത്. ഓർവൽ ലയണൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീകണ്ഠൻ നായർ തുടങ്ങിയവർക്കൊപ്പം വ്യവസായ, പ്രഫഷണൽ, അക്കാദമിക മേഖലകളിലെ പ്രമുഖരും പങ്കെടുത്തു.

2025-26 അധ്യയന വർഷത്തിൽ മാത്രം വിവിധ പ്രഫഷണൽ പരീക്ഷകളിലായി 54 ദേശീയ, ആഗോള റാങ്കുകൾ നേടിയ ഐഐസി ലക്ഷ്യയിലെ വിദ്യാർഥികളെയും മികച്ച നേട്ടം കൈവരിച്ചവരെയും എക്സ്കോമിയം വേദിയിൽ പ്രത്യേകം ആദരിച്ചു. രക്ഷിതാക്കളും അധ്യാപകരും വ്യവസായപ്രഫഷണൽ രംഗത്തെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

# ഒരൊറ്റ റീചാർജിൽ 20 ഒടിടി പ്ലാറ്റ്ഫോമുകളും 30 ജിബി ഡാറ്റയും; 200 രൂപയുടെ പുതിയ പ്ലാനുമായി വി

**കൊച്ചി:** പ്രമുഖ ടെലികോം സേവന ദാതാക്കളായ വോഡഫോൺ ഐഡിയയുടെ കണ്ടന്റ് പ്ലാറ്റ്ഫോമായ വി മൂവീസ് ആൻഡ് ടിവി ഉപഭോക്താക്കൾക്കായി പുതിയ എന്റർടെയ്ൻമെന്റ് പ്ലാൻ അവതരിപ്പിച്ചു. 200 രൂപയുടെ ഈ പ്ലാനിലൂടെ 20 മുൻനിര ഒടിടി പ്ലാറ്റ്ഫോമുകൾ, 200ലധികം ലൈവ് ടിവി ചാനലുകൾ, 30 ജിബി ഡാറ്റ എന്നിവയ്ക്ക് പുറമെ അൺലിമിറ്റഡ് 5ജി ഡാറ്റയും ഉപഭോക്താക്കൾക്ക് ലഭിക്കും. 200 രൂപയ്ക്ക് റീചാർജ് ചെയ്യാവുന്ന ഈ പ്ലാനിന് 28 ദിവസമാണ് കാലാവധി. സാധാരണ കേബിൾ ടിവി അല്ലെങ്കിൽ ഡിടിഎച്ച് സേവനങ്ങൾക്ക് പ്രതിമാസം വരുന്ന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഈ പ്ലാൻ ലഭ്യമാക്കുന്നത്.




ജിയോ ഹോട്ട്സ്റ്റാർ, സോണിലിവ്, സീ5, ലയൺസ്ഗേറ്റ് പ്ലേ, മനോരമ മാക്സ്, ഷെമാരൂമീ, ഫാൻകോഡ് തുടങ്ങി 20ഓളം പ്ലാറ്റ്ഫോമുകളിലെ ഉള്ളടക്കം ഇതിലൂടെ ആസ്വദിക്കാം. ഓരോ പ്ലാറ്റ്ഫോമിനും വെവ്വേറെ വരിസംഖ്യ നൽകേണ്ടതില്ല. 16 വ്യത്യസ്ത ഭാഷകളിലായി ദേശീയ, അന്തർദേശീയ, പ്രാദേശിക വിനോദ പരിപാടികൾ ഒറ്റ റീചാർജിലൂടെ ഈ പ്ലാനിൽ ലഭ്യമാണ്. തടസ്സങ്ങളില്ലാതെ വീഡിയോകൾ കാണുന്നതിനായി 30 ജിബി ഹൈസ്പീഡ് ഡാറ്റയും അതിനൊപ്പം അൺലിമിറ്റഡ് 5ജി ഡാറ്റാ സേവനവും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്ലാൻ ഉപയോഗിച്ച് ഒരേസമയം നാല് ഡിവൈസുകളിൽ ലോഗിൻ ചെയ്യാം. സോണിലിവ് ഒഴികെ മറ്റ് പ്രധാന ഒടിടി പ്ലാറ്റ്ഫോമുകളിലെല്ലാം ഒരേസമയം രണ്ട് സ്ക്രീനുകളിൽ പരിപാടികൾ കാണാനും ഇതിലൂടെ സാധിക്കും.

# ഗുരുതരമായ കരൾ രോഗങ്ങൾ തടയാൻ ഹെപ്പറ്റൈറ്റിസ് പരിശോധനകൾ നേരത്തെ നടത്തണമെന്ന് കെയർ ഹെൽത്ത് ഇൻഷുറൻസ്

**കൊച്ചി:** ലോക ഹെപ്പറ്റൈറ്റിസ് ദിനത്തിൽ, ഹെപ്പറ്റൈറ്റിസ് പരിശോധന, പ്രതിരോധ കുത്തിവയ്പ്പ്, കൃത്യസമയത്തുള്ള ചികിത്സ എന്നിവയ്ക്ക് മുൻഗണന നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കെയർ ഹെൽത്ത് ഇൻഷുറൻസ് പൊതു മുന്നറിയിപ്പ് പുറപ്പെടുവിച്ചു.

കാര്യമായ രോഗലക്ഷണങ്ങളില്ലാതെ വർഷങ്ങളോളം ശരീരത്തിൽ തുടരുന്ന ഹെപ്പറ്റൈറ്റിസ് രോഗം, കരളിൽ മാറ്റാനാവാത്ത കേടുപാടുകൾ സംഭവിച്ചതിന് ശേഷം മാത്രമായിരിക്കും പലപ്പോഴും കണ്ടെത്താനാവുക. രോഗികൾ വൈദ്യസഹായം തേടുമ്പോഴേക്കും ഹെപ്പറ്റൈറ്റിസ് അണുബാധ സിറോസിസ്, കരൾ പരാജയം അല്ലെങ്കിൽ കരൾ അർബുദം തുടങ്ങിയ ഗുരുതരാവസ്ഥയിലേക്ക് മാറിയിട്ടുണ്ടാകും. അതിനാൽ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ആരോഗ്യം വീണ്ടെടുക്കുന്നതിനും രോഗനിർണയവും ചികിത്സയും നേരത്തെ തന്നെ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.


ദേശീയആഗോള ആരോഗ്യ വിലയിരുത്തലുകളും കെയർ ഹെൽത്ത് ഇൻഷുറൻസിൻറെ ക്ലെയിം വിവരങ്ങളും സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ഹെപ്പറ്റൈറ്റിസ് ബാധിതരുടെ എണ്ണം വളരെ കൂടുതലാണെന്നാണ്. ഏകദേശം 2.9 കോടി ആളുകൾ ഹെപ്പറ്റൈറ്റിസ് ബിയും 55 ലക്ഷം പേർ ഹെപ്പറ്റൈറ്റിസ് സിയും ഉൾപ്പെടെ മൊത്തം 3.5 കോടിയോളം പേർ വിട്ടുമാറാത്ത വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് രാജ്യത്ത് ജീവിക്കുന്നുണ്ട്. പ്രതിവർഷം 1.23 ലക്ഷത്തോളം ജീവനുകളാണ് ഈ രോഗം മൂലം ഇന്ത്യയിൽ പൊലിയുന്നത്. കേന്ദ്ര സർക്കാരിൻറെ നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാമിന് കീഴിൽ രോഗ നിർണയ പരിശോധനകൾ സൗജന്യമായി ലഭ്യമാണെങ്കിലും, രോഗം മൂർച്ഛിച്ചാൽ സ്വകാര്യ ആശുപത്രികളിൽ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് 18 മുതൽ 35 ലക്ഷം രൂപ വരെയും അതിനുശേഷം ജീവിതകാലം മുഴുവൻ മരുന്നുകൾക്കും വലിയൊരു തുക വേണ്ടിവരും.

രോഗം വരുന്നത് തടയാൻ കർശനമായ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്ന് കെയർ ഹെൽത്ത് ഇൻഷുറൻസ് നിർദ്ദേശിക്കുന്നു. രോഗസാധ്യത കൂടുതലുള്ളവർ ഹെപ്പറ്റൈറ്റിസ് ബി, സി പരിശോധനകൾ നിർബന്ധമായും നടത്തുകയും നവജാതശിശുക്കൾക്ക് 24 മണിക്കൂറിനുള്ളിൽ നൽകേണ്ടതുൾപ്പെടെയുള്ള ഹെപ്പറ്റൈറ്റിസ് ബി പ്രതിരോധ കുത്തിവയ്പ്പുകൾ പൂർത്തിയാക്കുകയും വേണം. ഹെപ്പറ്റൈറ്റിസ് സി ഭൂരിഭാഗം കേസുകളിലും ഭേദമാക്കാനും ഹെപ്പറ്റൈറ്റിസ് ബി കൃത്യമായ പരിചരണത്തിലൂടെ നിയന്ത്രിക്കാനും കഴിയുമെന്നതിനാൽ രോഗം സ്ഥിരീകരിച്ചാൽ ചികിത്സ പൂർത്തിയാക്കേണ്ടത് പ്രധാനമാണ്. പ്രമേഹം, അമിതവണ്ണം, ഫാറ്റി ലിവർ തുടങ്ങിയ പ്രശ്നങ്ങളുള്ളവർ ഡോക്ടറുടെ നിർദ്ദേശപ്രകാരം കൃത്യമായ ഇടവേളകളിൽ കരളിൻറെ ആരോഗ്യം പരിശോധിക്കണം.

കൂടാതെ, കുത്തിവയ്പ്പുകൾ, രക്തം സ്വീകരിക്കൽ, പല്ലിലെ ചികിത്സകൾ, ടാറ്റൂ ചെയ്യൽ എന്നിവയ്ക്ക് സുരക്ഷിതമായ മാർഗങ്ങൾ സ്വീകരിക്കുകയും റേസറുകൾ, സൂചികൾ എന്നിവ പങ്കുവെക്കാതിരിക്കുകയും വേണം. മൺസൂൺ കാലത്ത് കൂടുതലായി കാണപ്പെടുന്ന ഹെപ്പറ്റൈറ്റിസ് എ, ഇ എന്നിവ തടയുന്നതിനായി ഭക്ഷണത്തിലും കുടിവെള്ളത്തിലും ശുചിത്വം പാലിക്കുക. സമീകൃതാഹാരം, ചിട്ടയായ വ്യായാമം എന്നിവയിലൂടെ ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുകയും കരളിനെ നശിപ്പിക്കുന്ന അമിതമായ മദ്യപാനം ഒഴിവാക്കുകയും ചെയ്യുക. കരൾ രോഗങ്ങൾക്കുള്ള നൂതന ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ലക്ഷങ്ങൾ ചെലവ് വരുന്നതിനാൽ ഹെൽത്ത് ഇൻഷുറൻസ് പരിരക്ഷ കൃത്യമായി വിലയിരുത്തേണ്ടതും അത്യാവശ്യമാണ്.

# പരുത്തി കർഷകർക്കായി ബെയർ 'ട്രാൻസ്' കീടനാശിനി അവതരിപ്പിച്ചു

**കോഴിക്കോട്:** ഇന്ത്യയിലെ ചെറുകിട പരുത്തി കർഷകർക്ക് ചൂഷക കീടങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാൻ സഹായിക്കുന്ന പുതിയ തലമുറ കീടനാശിനിയായ 'ട്രാൻസ്' അവതരിപ്പിച്ചു ബെയർ. മുഞ്ഞ, ജാസിഡ്, വെള്ളീച്ചയുടെ നിംഫുകൾ തുടങ്ങിയ പ്രധാന ചൂഷക കീടങ്ങളെ നിയന്ത്രിക്കുന്നതിനായി വികസിപ്പിച്ച ഉൽപ്പന്നം കേരളം ഉൾപ്പെടെയുള്ള പ്രധാന പരുത്തി കൃഷി സംസ്ഥാനങ്ങളിൽ ലഭ്യമാകും.




രണ്ട് വ്യത്യസ്ത പ്രവർത്തനരീതികൾ ഒരുമിപ്പിച്ചാണ് ട്രാൻസ് വികസിപ്പിച്ചിരിക്കുന്നത്. നിലവിലുള്ളതും പുതുതായി വളരുന്നതുമായ ഇലകൾക്ക് സംരക്ഷണം നൽകുന്നതിനൊപ്പം മഴയ്ക്ക് ശേഷവും ഫലപ്രദമായി പ്രവർത്തിക്കുന്ന സവിശേഷതയും ഇതിനുണ്ട്. വിളയുടെ ആരോഗ്യം മെച്ചപ്പെടുത്താനും ഉൽപ്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർധിപ്പിക്കാനും ഇത് സഹായിക്കുമെന്ന് കമ്പനി അറിയിച്ചു.

'കർഷകർ നേരിടുന്ന മാറിവരുന്ന വെല്ലുവിളികൾ മനസ്സിലാക്കിയാണ് ബെയറിന്റെ നവീകരണങ്ങൾ രൂപപ്പെടുന്നത്. രണ്ട് വ്യത്യസ്ത പ്രവർത്തനരീതികളെ സംയോജിപ്പിച്ച ട്രാൻസ് ഫലപ്രദവും സുസ്ഥിരവുമായ കീടനിയന്ത്രണം ഉറപ്പാക്കുന്നതിനൊപ്പം വിളയുടെ ആരോഗ്യവും ഉൽപ്പാദനക്ഷമതയും കർഷകരുടെ ലാഭവും മെച്ചപ്പെടുത്താൻ സഹായിക്കും,' എന്ന് ബെയർ ക്രോപ്പ് സയൻസ് ഇന്ത്യയുടെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മോഹൻ ബാബു പറഞ്ഞു.

100 മില്ലി, 220 മില്ലി, 500 മില്ലി പായ്ക്കുകളിലായി ട്രാൻസ് വിപണിയിലെത്തും. ശാസ്ത്രീയ നവീകരണങ്ങളിലൂടെ സുസ്ഥിര കാർഷിക വികസനത്തിനും കർഷകരുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കാനുമുള്ള ബെയറിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് പുതിയ ഉൽപ്പന്നമെന്നും കമ്പനി അറിയിച്ചു.




# ഷോപ്പേഴ്സ് സ്റ്റോപ്പിന് ഗിന്നസ് വേൾഡ് റെക്കോർഡ്; 1016 ലിപ്സ്റ്റിക്കുകൾ ഉപയോഗിച്ച് 'ലിപ് ലാൻഡ്'

**കൊൽക്കത്ത:** ഫാഷൻ ബ്യൂട്ടി റീട്ടെയിൽ രംഗത്തെ പ്രമുഖ ബ്രാൻഡായ ഷോപ്പേഴ്സ് സ്റ്റോപ്പും എസ്എസ്ബ്യൂട്ടിയും 1016 ലിപ്സ്റ്റിക്കുകൾ ഉപയോഗിച്ച് ഒരുക്കിയ ഏറ്റവും നീളം കൂടിയ ലിപ്സ്റ്റിക് നിര ഗിന്നസ് വേൾഡ് റെക്കോർഡ് അംഗീകാരം നേടി. നാഷണൽ ലിപ്സ്റ്റിക് ഡേയ്ക്ക് മുന്നോടിയായി ജൂലൈ 25, 26 തീയതികളിൽ നടന്ന 'ലിപ് ലാൻഡ്' എന്ന ആദ്യത്തെ എക്സ്പീരിയൻഷ്യൽ ബ്യൂട്ടി കാമ്പെയ്നിലൂടെയാണ് ഈ നേട്ടം സ്വന്തമാക്കിയത്. ഷോപ്പേഴ്സ് സ്റ്റോപ്പിന്റെയും എസ്എസ്ബ്യൂട്ടിയുടെയും 500ലധികം പ്രീമിയം ബ്രാൻഡുകളടങ്ങിയ ബ്യൂട്ടി ഇക്കോസിസ്റ്റത്തിന്റെ ഭാഗമായാണ് 3000ത്തിലധികം ലിപ്സ്റ്റിക് ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച 'ലിപ് ലാൻഡ്' ഒരുക്കിയത്. ഉപഭോക്താക്കൾക്ക് വിവിധ ഷേഡുകൾ പരീക്ഷിക്കാനും സൗന്ദര്യാനുഭവങ്ങൾ ആസ്വദിക്കാനും അവസരമൊരുക്കിയ ഈ പരിപാടിയിൽ മേബലിൻ, റെവ്‌ലോൺ, ലാക്മെ, ഫേസസ് കാനഡ തുടങ്ങിയ പ്രമുഖ ബ്യൂട്ടി ബ്രാൻഡുകളും പങ്കെടുത്തു.

വ്യക്തിത്വവും സ്വയംപ്രകടനവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പ്രീമിയം ബ്യൂട്ടി റീട്ടെയിലിൽ പുതിയ അനുഭവങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് ഷോപ്പേഴ്സ് സ്റ്റോപ്പ് അറിയിച്ചു.

# ഡാറ്റാ അധിഷ്ഠിത വായ്പാ തീരുമാനങ്ങൾക്ക് വേഗം കൂട്ടാൻ ആക്സിസ് ഫിനാൻസ് ദൃഷ്ടി

**കൊച്ചി:** ഡാറ്റാ അധിഷ്ഠിത വായ്പാ തീരുമാനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും നടപ്പാക്കുന്നതിനായി ആക്സിസ് ഫിനാൻസ് ലിമിറ്റഡ് (എ.എഫ്.എൽ.) ആക്സിസ് ഫിനാൻസ് ദൃഷ്ടി എന്ന ബിസിനസ് റൂൾസ് എൻജിൻ അവതരിപ്പിച്ചു.

വായ്പാ അംഗീകാര നടപടികൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും നടപ്പാക്കാനാണ് ഈ സംവിധാനം കൊണ്ട് ലക്ഷ്യമിടുന്നത്.

AXIS FINANCE | dil se open

ആദ്യഘട്ടത്തിൽ വ്യക്തിഗത വായ്പകൾ, ബിസിനസ് വായ്പകൾ, വസ്തുവിന്മേലുള്ള വായ്പകൾ, ദിശ ഹോം ലോൺസ് എന്നിവയ്ക്കായാണ് ആക്സിസ് ഫിനാൻസ് ദൃഷ്ടിയെ ഉപയോഗിക്കുക. സ്വയം വായ്പ മൂല്യനിർണ്ണയം നടത്താനും ദൃഷ്ടി സംവിധാനത്തിലൂടെ സാധിക്കും.

കഴിഞ്ഞ ഒരു വർഷത്തിനിടെ വായ്പാ വിലയിരുത്തലുകളിൽ കൂടുതൽ വസ്തുനിഷ്ഠത ഉറപ്പാക്കുന്നതിനായി എ.ബി.സി. സ്കോർ കാർഡുകളും കളക്ഷൻ പ്രവർത്തനങ്ങളിൽ നീതിപൂർണവും സുതാര്യവുമായ ഉപഭോക്തൃ ഇടപെടലുകൾ ഉറപ്പാക്കുന്നതിനായി എ.ഐ. അധിഷ്ഠിത ഗുണനിലവാര നിരീക്ഷണ സംവിധാനവും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്.

# സാമ്പത്തിക അവബോധം വളർത്താൻഎച്ച്.ഡി.എഫ്.സി. മ്യൂച്വൽ ഫണ്ട്

**കോട്ടയം:** എച്ച്.ഡി.എഫ്.സി. മ്യൂച്വൽ ഫണ്ട് സ്ത്രീകളിൽ നിക്ഷേപസാമ്പത്തിക അവബോധം വർധിപ്പിക്കുക ലക്ഷ്യമിട്ട് സംഘടിപ്പിച്ച രാജ്യവ്യാപക 'നാരി നിവേശ് യാത്ര'യുടെ കോട്ടയത്തെ പര്യടനം സമാപിച്ചു. ജൂൺ 26ന് ചെന്നൈയിൽ ആരംഭിച്ച ഈ ആറുമാസം നീണ്ടുനിൽക്കുന്ന പരിപാടിയുടെ ഭാഗമായി കോട്ടയം, കഞ്ഞിക്കുഴി, നാഗമ്പടം, ഏറ്റുമാനൂർ, കുമരകം, പാലാ എന്നിവിടങ്ങളിലെ മാർക്കറ്റുകളിലും പ്രാദേശിക സമൂഹങ്ങളുമായി സംവാദം നടന്നു. പരമ്പരാഗത സമ്പാദ്യ രീതികളിൽ നിന്ന് മാറി വിവേകത്തോടെ നിക്ഷേപിക്കാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്ന എച്ച്.ഡി.എഫ്.സി.യുടെ 'ബർണി സെ ആസാദി'യുടെ വിപുലീകരണമായാണ് ഈ യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

കുടുംബങ്ങളുടെ സാമ്പത്തിക തീരുമാനങ്ങളിൽ സ്ത്രീകളുടെ പങ്ക് വർധിച്ചുവരുന്ന സാഹചര്യത്തിൽ, രാജ്യത്തുടനീളം വനിതാ സ്വയംസഹായ സംഘങ്ങൾക്കായി 60 പ്രത്യേക ബോധവൽക്കരണ സെഷനുകൾ ഇതിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്. രണ്ട് പ്രചാരണ വാഹനങ്ങളിലായി സഞ്ചരിക്കുന്ന ഈ യാത്രയിൽ തെരുവുനാടകങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, നേരിട്ടുള്ള ആശയവിനിമയം എന്നിവയിലൂടെ സാമ്പത്തിക ആസൂത്രണം, ലക്ഷ്യാധിഷ്ഠിത നിക്ഷേപം, ദീർഘകാല സമ്പത്ത് സൃഷ്ടിക്കൽ എന്നിവ ലളിതമായി വിശദീകരിക്കുന്നു.

വ്യക്തിഗത സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ ചിട്ടയായ നിക്ഷേപ ശീലം വളർത്തേണ്ടതിന്റെ പ്രാധാന്യമാണ് ഈ യാത്ര ലക്ഷ്യമിടുന്നത് എന്ന് എച്ച്.ഡി.എഫ്.സി. അസറ്റ് മാനേജ്മെന്റ് കമ്പനി എം.ഡി.യും സി.ഇ.ഒയുമായ നവ്നീത് മുനോട്ട് വ്യക്തമാക്കി. നിക്ഷേപം സങ്കീർണമായ ഒന്നല്ലെന്നും സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ സാമ്പത്തിക ലക്ഷ്യങ്ങളിലേക്ക് മുന്നേറാനുള്ള പ്രായോഗിക മാർഗമാണെന്നും ഈ പദ്ധതിയിലൂടെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പിഎൻബി മെറ്റ് ലൈഫിന് 99.81% വ്യക്തിഗത ക്ലെയിം സെറ്റിൽമെന്റ് അനുപാതം

**കൊച്ചി:** 2025– 26 സാമ്പത്തിക വർഷത്തിൽ 99.81% വ്യക്തിഗത ക്ലെയിം സെറ്റിൽമെന്റ് അനുപാതവും 99.70% ഗ്രൂപ്പ് ക്ലെയിം സെറ്റിൽമെന്റ് അനുപാതവും കൈവരിച്ച് പിഎൻബി മെറ്റ് ലൈഫ്. ഈ കാലയളവിൽ 526.62 കോടി രൂപയുടെ വ്യക്തിഗത ക്ലെയിമുകളും 502.69 കോടി രൂപയുടെ ഗ്രൂപ്പ് ക്ലെയിമുകളും കമ്പനി തീർപ്പാക്കി.

വേഗത്തിലുള്ള സേവനങ്ങൾക്കായി ആവശ്യമായ രേഖകൾ ലഭിച്ച് 35% ക്ലെയിമുകൾ ഒരു ദിവസത്തിനുള്ളിലും, 95% ക്ലെയിമുകൾ 7 ദിവസത്തിനുള്ളിലും തീർപ്പാക്കാൻ സാധിച്ചു. ഖുശി ആപ്പ്, വെബ്സൈറ്റ്, വാട്സ്ആപ്പ്, ബാങ്ക് ശാഖകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് ഇപ്പോൾ എളുപ്പത്തിൽ ക്ലെയിം അപേക്ഷകൾ സമർപ്പിക്കാം. ഉപഭോക്താക്കളുടെ പ്രയാസകരമായ ഘട്ടങ്ങളിൽ വേഗത്തിലും സഹാനുഭൂതിയോടെയും സേവനം നൽകാനാണ് മുൻഗണന നൽകുന്നതെന്ന് എം.ഡിയും സി.ഇ.ഒയുമായ സമീർ ബൻസാൽ വ്യക്തമാക്കി.

# എയു സ്മോൾ ഫിനാൻസ് ബാങ്ക് പ്രവാസികളുടെ സ്ഥിര നിക്ഷേപ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്മോൾ ഫിനാൻസ് ബാങ്കായ എയു സ്മോൾ ഫിനാൻസ് ബാങ്ക് പ്രവാസി ഇന്ത്യക്കാർക്കായുള്ള എഫ്സിഎൻആർ, എൻആർഇ സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചു. പുതുക്കിയ നിരക്കുകൾ 2026 ജൂലൈ 27 മുതൽ പ്രാബല്യത്തിൽ വന്നു.

പുതിയ മാറ്റങ്ങൾ അനുസരിച്ച് 3 മുതൽ 4 വർഷം വരെ കാലാവധിയുള്ള എഫ്എൻആർ(ബി) നിക്ഷേപങ്ങളുടെ പരമാവധി പലിശ നിരക്ക് പ്രതിവർഷം 7.10 ശതമാനത്തിൽ നിന്ന് 7.40 ശതമാനമായി ഉയർത്തി. അതുപോലെ 36 മാസവും ഒരു ദിവസവും മുതൽ 45 മാസം വരെ കാലാവധിയുള്ള എൻആർഇ സ്ഥിര നിക്ഷേപങ്ങളുടെ പരമാവധി പലിശ നിരക്ക് 7.00 ശതമാനത്തിൽ നിന്ന് 7.60 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിദേശ നാണയ നിക്ഷേപങ്ങൾക്ക് കൂടുതൽ ആകർഷകമായ പലിശ നൽകാൻ ബാങ്കുകളെ അനുവദിച്ചുകൊണ്ടുള്ള റിസർവ് ബാങ്കിന്റെ ഏറ്റവും പുതിയ മാർഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഈ വർദ്ധനവ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com